LIBRARY ARCHIVES Kerala Legislative Assembly

മിനി ഫോറസ്റ്റ് സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസിന്റെ സ്ഥലംമാറ്റം

123 [1257] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന മിനി ഫോറസ്റ്റ് സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് കോഴിക്കോട്ടേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആഫീസിന് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അധികാര പരിധി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ആഫീസ് മാറ്റം റദ്ദു ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കോഴിക്കോട്ടേയ്ക്ക് ആഫീസ് മാറ്റിയാൽ ഭരണച്ചെലവിനത്തിൽ സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നത് പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 29-1-2004-ലെ സർക്കാർ ഉത്തരവ് ആർടി. 48/04/വനം പ്രകാരം ഭരണകാര്യക്ഷമത പരിഗണിച്ച് മിനി സർവ്വേയുടെ ആസ്ഥാനം കോഴിക്കോട്ടേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഭരണകാര്യക്ഷമത പരിഗണിച്ചാണ് ഓഫീസ് മാറ്റുന്നതെന്നതിനാൽ ആയത് റദ്ദു ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) കൂടുതൽ ഭരണച്ചെലവ് പ്രതീക്ഷിക്കുന്നില്ല.

ദേശാടനക്കിളികൾക്ക് സംരക്ഷണം നൽകാൻ പദ്ധതി

124 [1258] ശ്രീ. വർക്കല കഹാർ:
„ ടി. വി. ചന്ദ്രമോഹൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എം. പി. ഗംഗാധരൻ:
„ ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ദേശാടനക്കിളികളെത്താറുള്ളത്;

(ബി) എവിടെ നിന്നെല്ലാമാണ് ഇവ വരുന്നത്;

(സി) ഈ വർഷം കോട്ടയം ദേവലോകത്ത് കളത്തിക്കടവ് പാലത്തിനു സമീപം ദേശാടനക്കിളികളെത്തിയിരുന്നുവോ;

(ഡി) ഇവയുടെ സംരക്ഷണത്തിന് എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയിരുന്നു; ഇവ ഏവിടെ നിന്നാണ് വരുന്നത്?

ഉത്തരം

(എ) ദേശാടനക്കിളികൾ കേരളത്തിൽ എല്ലായിടങ്ങളിലും കാണപ്പെടുന്നുണ്ട്. എന്നാൽ പ്രധാനമായി കാണപ്പെടുന്നത് പുറത്തൂർ, മനകൊളം, മനകൊടി, കുമരകം, ഏഴിമല, വളപട്ടണം, അമ്പലമേട്, കാടാമ്പള്ളി, ഇടമലയാർ, കൊല്ലം, ആലപ്പുഴ, കോട്ടയം, ചിറയിൻകീഴ്, പരവൂർ, വൈക്കം, നീണ്ടകര, കടലുണ്ടി, വാച്ചുളം, നോർത്ത് പറവൂർ, കായംകുളം, വേമ്പനാട്, കൊച്ചി, പറമ്പിക്കുളം, അഗസ്ത്യമല, ഇരവികുളം, മൂന്നാർ, തട്ടേക്കാട്, പുരുമേട്, മറയൂർ, കുട്ടനാട് എന്നീ സ്ഥലങ്ങളാണ്.

(ബി) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളായ നൈജീരിയ, അലാസ്ക, മ്യാൻമാർ, കാസ്പിയൻ മേഖല, മലേഷ്യ, സതേൺ യൂറോപ്പ്, റഷ്യ, പാക്കിസ്ഥാൻ, നേപ്പാൾ എന്നീ സ്ഥലങ്ങളിൽ നിന്നും എത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പക്ഷികൾ, പക്ഷിവർഗ്ഗങ്ങൾ എന്നിവ വന്യമൃഗസംരക്ഷണ നിയമ പ്രകാരം പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിയമം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, ബോധവൽക്കരണ നടപടികൾ വനംവകുപ്പ് നേരിട്ടും സന്നദ്ധസംഘടനകൾ മുഖേനയും ഏറ്റെടുത്ത് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പക്ഷിസംരക്ഷണത്തിന്റെ പ്രാധാന്യത്തിന്റെ സന്ദേശം എത്തിക്കാറുണ്ട്.

വനാതിർത്തി ഗ്രാമങ്ങളിൽ വന്യജീവികളുടെ ഉപദ്രവം

125 [1259] ശ്രീ. ലൂഡി ലൂയിസ്:
„ അടൂർ പ്രകാശ്:
„ ജോർജ് ജെ. മാത്യു:
„ വർക്കല കഹാർ:
„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലെ വനമേഖലകളിൽപ്പെട്ട ഗ്രാമങ്ങളിലാണ് രാത്രി കാലങ്ങളിലും പകലും വന്യമൃഗങ്ങൾ ഇറങ്ങാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വന്യമൃഗങ്ങളുടെ ഉപദ്രവത്തിന്റെ ഫലമായി ഇവിടെ എത്രപേർ മരിച്ചുവെന്നും എത്ര പേർക്ക് പരിക്കേറ്റുവെന്നും വെളിപ്പെടുത്തുമോ;

(സി) മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്;

(ഡി) വനാതിർത്തികളുമായി ബന്ധപ്പെട്ട ഗ്രാമങ്ങളിൽ വന്യമൃഗങ്ങൾ എത്തിച്ചേരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly